


## പാഠപുസ്തകം

വീട്ടിൽ നിന്ന് കുറച്ചകലെയായിരുന്നു സ്കൂൾ. അവിടെ എത്തുമ്പോഴേക്ക് ആകെ ക്ഷീണിക്കും. പാറകളും മരങ്ങളും നിറഞ്ഞ വഴികൾ. ടീച്ചർ പറഞ്ഞ പാഠഭാഗങ്ങൾ വായിച്ചുകൊണ്ട് നടക്കുകയാണ് അഭിനവ്. വഴിയിലുള്ള ചെടികളെയും പൂമ്പാറ്റകളെയും പക്ഷികളെയും എല്ലാം നോക്കി ഭംഗി ആസ്വദിച്ചു നടക്കുന്നതു കൊണ്ട് അനുജത്തിക്ക് നടത്തം ഒരു പ്രശ്നമേ അല്ല. കൂടെ നടക്കാൻ വഴിയിൽ നിന്ന് ഒരുപാട് കൂട്ടുകാർ ചേരും. പിന്നെ എല്ലാവരും ചേർന്ന് രസത്തോടെ അങ്ങനെ സ്കൂളിലെത്തും.

അന്നത്തെ ആ സ്കൂൾ കാലം ആലോചിക്കുമ്പോൾ അഭിനവിന് വല്ലാത്തൊരു സന്തോഷമാണ്. തന്റെ മക്കൾക്ക് അതെല്ലാം നഷ്ടമായല്ലോ എന്നാലോചിക്കും. അവരെ വിളിക്കാൻ രാവിലെത്തന്നെ സ്കൂൾ ബസ് വരും. അതിൽത്തന്നെ അവർ തിരിച്ചുവരും. അവർക്ക് വഴിവക്കിലെ പുല്ലും പൂമ്പാറ്റയും തൊടാൻ പോലും പറ്റുന്നില്ലല്ലോ എന്നാലോചിക്കും. പെട്ടെന്ന് സ്കൂൾ ബസിന്റെ ഹോൺ കേട്ടു. തന്റെ രണ്ടു മക്കളുടെയും കൈപിടിച്ച് അവരുടെ ബാഗുമെടുത്ത് അഭിനവ് സ്കൂൾ ബസിനടുത്തേക്ക് നടന്നു.

**നമിയ ഹക്കീം**
ക്ലാസ്- 10
കസ്തൂർബ പബ്ലിക് സ്കൂൾ, ചിറക്കൽ, മന്നം



**നവാൽ തബസ്സും കെ.എസ്,** ക്ലാസ്- 2
അൻസാർ ഇംഗ്ലീഷ് സ്കൂൾ, പെരുമ്പിലാവ്

## ആകാശം

മേലേക്ക് നോക്കൂ ആകാശം
വലിയൊരു കല്യാണപ്പന്തൽ
നക്ഷത്ര ബൾബുകൾ മിന്നുന്നുണ്ട്
കൂട്ടിന് അമ്പിളി മാമനുണ്ട്
മഴവില്ലും മേഘവും ഒപ്പമുണ്ട്
നല്ലൊരു പന്തൽ ആകാശം!

**ധാൻ ഹബീബ്**
ക്ലാസ് 1 , ജെ.എം.എൽ.പി.എസ്, ചാത്തനല്ലൂർ



**ദുൽഫിക്കർ**
ദാറുസ്സലാം എൽ.പി സ്കൂൾ
ചാലക്കൽ ആലുവ



# നേട്ടം

മനുഷ്യാ..
ഈ തിൻമകളെല്ലാം നീ
എന്തിന് ചെയ്യുന്നു?
മരങ്ങൾ മുറിച്ചും
കാടും മേടും നശിപ്പിച്ചും
പുഴയെ മലിനമാക്കിയും
എന്ത് നേടി നീ?!

**നിദ ഹിദായ. കെ**
ക്ലാസ് 9
ഐ.എസ്.എസ് എച്ച്.എസ്.എസ്, പൊന്നാനി



**അശാലിന തോപ്പിൽ**
യു.കെ.ജി - ബി
പീസ് പബ്ലിക് സ്കൂൾ മതിലകം



**ആയിഷ കുഞ്ഞി മൊയ്തീൻ,** ക്ലാസ്- 2
താജുൽ ഉലൂം ഇ.എം.എച്ച്.എസ്, വളപ്പട്ടണം

## പ്രകൃതിയുടെ നഷ്ടം




ഒരു പിതാവിന്റെ ആത്മഗതത്തിലൂടെ പ്രകൃതിയിൽ നിന്നും മാറിപ്പോയ ഈ കാലത്തെ വിദ്യാർത്ഥികളുടെ ജീവിതം ആവിഷ്ക്കരിക്കുന്ന മനോഹര കഥയാണ് 'പാഠപുസ്തകം.' തന്റെ കുട്ടികളെ സ്കൂൾബസ്സിലേക്ക് ആനയിക്കുന്ന പിതാവ് തന്റെ ബാല്യകാല ഓർമ്മകളിലേക്ക് ഉണരുന്നത് അതീവ ഹൃദയസ്പർശിയായി ആവിഷ്ക്കരിച്ചിരിക്കുന്നു.

'നേട്ടം' എന്ന കവിതയും പ്രകൃതിനശീകരണത്തിനെതിരെ പ്രതികരിക്കുന്നു. 'ആകാശം' എന്ന കവിതയാകട്ടെ ആകാശത്തെ പുത്തൻ ഉപമകൾക്ക് കൊണ്ട് വർണിക്കുന്നു. അതീവ സുന്ദരമാണ് ഈ കവിത.

സസ്നേഹം
**മാഷ്**